# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 33

12.06.2012-ൽ മറുപടിക്ക്.

### "എമർജിംഗ് കേരള" സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ. എം.പി.അബ്ദുസ്സമദ്സമദാനി<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. സി.മോയിൻകുട്ടി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ)"എമർജിംഗ് കേരള" സംഗമം സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിശദവിവരം നല്കാമോ.; | (എ). സംസ്ഥാനത്ത് വൻതോതിലുള്ള നിക്ഷേപം ഉറപ്പാക്കാനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ ഭാഗമായി ഒരു ദ്വിവൽസര ആഗോള സംഗമം "എമർജിംഗ് കേരള" എന്ന പേരിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യ സംഗമം "എമർജിംഗ് കേരള 2012" സെപ്റ്റംബർ 12 മുതൽ 14 വരെ തീയതികളിൽ കൊച്ചിയിൽ വച്ച് നടത്തുന്നതാണ്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ് നോഡൽ ഏജൻസി .കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രിയും NASSCOM സംഗമത്തിൽ പങ്കാളികളായിരിക്കും. എമർജിംഗ് കേരളയുടെ ഏകോപനത്തിനായി മുഖ്യമന്ത്രി അധ്യക്ഷനായി ഹൈപവർ കമ്മിറ്റിയും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഹൈലെവൽ കമ്മിറ്റിയും വകുപ്പ് മന്ത്രിമാർ അദ്ധ്യക്ഷന്മാരായി പ്രോജക്ട് കമ്മിറ്റിയും രൂപികരിച്ചിട്ടുണ്ട്.<br><br>എമർജിംഗ് കേരള 2012 സംഗമം പ്രധാനമന്ത്രിയാണ് ഉദ്ഘാടനം ചെയ്യുന്നത്. വിവിധ രാഷ്ട്രങ്ങളിലെ രാഷ്ട്രത്തലവൻമാർ, കേന്ദ്രമന്ത്രിമാർ ഇന്ത്യയിലെയും വിദേശത്തേയും വ്യവസായ പ്രമുഖർ എന്നിവർ പങ്കെടുക്കുന്നതാണ്.<br><br>എമർജിംഗ് കേരളയുടെ പ്രചാരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് അകത്തും, പുറത്തും ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചു വരികയാണ്. 2012 ഏപ്രിൽ 20 ന് ന്യൂഡൽഹിയിൽ വച്ച് വിവിധരാജ്യ ങ്ങളിലെ ഹൈകമ്മീഷണർമാരുടെയും അബാസിഡർ മാരുടെയും വ്യവസായ പ്രതിനികളുടെയും ബിസിനസ്സ് മീറ്റ് സംഘടിപ്പിച്ചു. ഇതിൽ 30 ലധികം രാജ്യങ്ങളിൽ നിന്നുള്ള ഡിപ്ലോമാറ്റുകൾ, അന്താരാഷ്ട്ര ഏജൻസി കൾ വ്യവസായ ദൗത്യ സംഘങ്ങളുടെ പ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളിലെ സെക്രട്ടറിമാർ, പ്രമുഖ മാധ്യമ പ്രതിനിധികൾ എന്നിവർ പങ്കെടുക്കുകയുണ്ടായി. |

2012 മെയ്15 ന് മുംബെയിൽ വച്ചും ബിസിനസ്സ് മീറ്റു നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ പ്രമുഖരുമായി ആശയ വിനിമയം നടത്തുകയുണ്ടായി ഈ ബിസിനസ് മീറ്റുകളിലൂടെ വ്യവസായ സമൂഹത്തിന്റെ പ്രത്യേക താൽപര്യം സൃഷ്ടിക്കാൻ സാധിക്കുകയും അതിലൂടെ എമർജിംഗ് കേരള 2012 ൽ പങ്കെടുക്കുന്നതിലേയ്ക്കു വേണ്ടിയുള്ള ധാരാളം രജിസ്ട്രേഷനുകൾ ലഭിക്കുകയും ചെയ്തു. ഇതിന് പുറമേ, കേരളത്തിനകത്തുള്ള സംരംഭകർക്ക് എമർജിംഗ് കേരളയുടെ സന്ദേശം എത്തിക്കാനായി കേരളത്തിലെ എല്ലാ ജില്ലകളിലും ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചു വിവിധ തലത്തിലുള്ള നിക്ഷേപകർക്കിടയിൽ താൽപര്യം സൃഷ്ടിക്കാൻ എമർജിംഗ് കേരള റോഡ് ഷോകൾക്കു കഴിഞ്ഞു.

എമർജിംഗ് കേരള 2012 ൽ അവതരിപ്പിക്കുന്നതിനുള്ള പ്രോജക്ട് പ്രൊഫൈലുകൾ തയ്യാറാക്കുകയും ചെയ്തു കഴിഞ്ഞു. എമർജിംഗ് കേരളയുടെ പ്രചരണം വിവിധ മാധ്യമങ്ങളിലൂടെ ആരംഭിച്ചിട്ടുണ്ട്.

എമർജിംഗ് കേരളയിൽ ബാങ്കിങ്ങ് മേഖലയുടേയും വാണിജ്യ വ്യവസായ മേഖലകളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടികളും കെ.എസ്.ഐ.ഡി.സി ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ നടത്തിയ പ്രാരംഭചർച്ചകളുടെയും പ്രവർത്തനങ്ങളുടെയും ഫലത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉണ്ട്. എമർജിംഗ് കേരളയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ മുഖ്യമായും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പ്രമുഖ നിക്ഷേപകരെ പങ്കെടുപ്പിക്കുന്നതിനു വേണ്ടിയായിരുന്നു.

(സി) മുംബൈ, ന്യൂഡൽഹി എന്നിവിടങ്ങളിൽ നടത്തിയ റോഡ് ഷോകളുടെയും, വിദേശരാജ്യപ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ നിക്ഷേപസാദ്ധ്യത സംബന്ധിച്ച പ്രതീക്ഷകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) മുംബൈയിലും ഡൽഹിയിലും നടന്ന റോഡ് ഷോകളുടെ ഫലമായി ചില വ്യവസായ സ്ഥാപനങ്ങൾ കേരളത്തിൽ വ്യവസായ നിക്ഷേപം നടത്തുന്നതിനായി താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ പല രാജ്യങ്ങളുടേയും ഹൈകമ്മീഷൻ പ്രതിനിധികളുമായി വ്യവസായ മന്ത്രിയും, മറ്റ് ഉന്നതതല സർക്കാർ ഉദ്യോഗസ്ഥരും നടത്തിയ ചർച്ചയിൽ അതാതു രാജ്യങ്ങളിൽ നിന്നുള്ള വ്യവസായ പ്രതിനിധികൾ എമർജിംഗ് കേരള സംഗമത്തിൽ പങ്കെടുക്കുമെന്ന വാഗ്ദാനവും ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) പ്രസ്തുത സംഗമത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള പരിപാടികൾ സംബന്ധിച്ച വിശദവിവരം നല്കാമോ?. | (ഡി) പരിപാടികളുടെ വിശദവിവരങ്ങൾ തയ്യാറാക്കി വരികയാണ്. പരിപാടികൾ അന്തിമമായി തീരുമാനിക്കുന്ന മുറക്ക് എല്ലാ അംഗങ്ങൾക്കും വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**